നം. സി.ഇ.ഇ/എം.പി.എച്ച്./2093/2009/റ്റി.എ.3

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സ് പ്രവേശനം 2009

06.02.2010 ലെ ജി.ഒ.(ആർടി) നം.490/10/ആ.കു.വ. ഉത്തരവനുസരിച്ച് 2009 ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിന്റെ പ്രോസ്പെക്ടസ്സിലെ ക്ലോസ് VI (b) ൽ വരുത്തിയ ഭേദഗതി പ്രകാരം "ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നുള്ള അപേക്ഷകരുടെ അഭാവത്തിൽ DME/DHS ലെ ഉദ്യോഗസ്ഥരേയും, അവരുടെ അഭാവത്തിൽ മെഡിക്കൽ ഇൻഷ്വൂറൻസ് സർവീസിലെ ബി.ഫാം ബിരുദധാരികളേയും എംഫാം - ഫാർമക്കോഗ്നോസി ആന്റ് ഫൈറ്റോ കെമിസ്ട്രി" സീറ്റിലേക്ക് പരിഗണിക്കുന്നതാണ്. ടി സംവരണ സീറ്റിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി, ഇൻഷ്വൂറൻസ് മെഡിക്കൽ സർവീസിലെ ബി.ഫാം ബിരുദധാരികളായ അപേക്ഷകരിൽ നിന്നും പുതുതായി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

**അപേക്ഷാഫാറം** : **www.cee-kerala.org** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള അപേക്ഷാ ഫാറം ഉപയോഗിച്ച് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിന് ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും 0210-03-105-99 എന്ന ഹെഡ്ഡിൽ ട്രഷറിയിൽ 800 രൂപ ഫീസടച്ച ചെലാൻ രസീതും പ്രോസ്പെക്ടസ്സിലെ ക്ലോസ് XII ൽ പറഞ്ഞിട്ടുള്ള രേഖകളും സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തിരം **മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് 11.02.2010** നോ അതിനു മുൻപോ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതുമാണ്.

സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും '**www.cee-kerala.org**' എന്ന വെബ് സൈറ്റിൽ ലഭ്യവുമായ 2009 ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിന്റെ പ്രോസ്പെക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിന് മുൻപ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
07.02.2010

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**